തായ ഒരു കാലഘട്ടത്തിലൂടെയാണ് ഇപ്പോൾ നീങ്ങുന്നത്. അതുകൊണ്ടുതന്നെ അതു് അക്രമാസക്തമായിരിക്കുന്നു. ഇക്കാരണത്താൽ അന്താരാഷ്ട്രീയരംഗത്തു് അതു കൂടുതൽ ആപത്കരവുമാണ്.

(16 ഏപ്രിൽ, 1984)

# 17. അയൽപക്കത്തെ അത്യാഹിതം

1983 ജൂലൈ അവസാനവാരത്തിലും ഓഗസ്റ്റ് ആദ്യവാരത്തിലുമായി ശ്രീലങ്കയിൽ (സിലോണിൽ) നടന്ന കലാപങ്ങളും നരഹത്യകളും ഇന്ത്യയിൽ വ്യാപകമായ അസ്വാസ്ഥ്യം ഉളവാക്കിയിട്ടുണ്ട്.

ശ്രീലങ്കയുടെ വടക്കു കിഴക്കേ മൂലയിലുള്ള യാഴ്പ്പാണം (ജാഫ്ന) പ്രദേശത്തിലെ ബഹുഭൂരിപക്ഷം നിവാസികളുടെയും മാതൃഭാഷ തമിഴ് ആണ്. ജൂലൈ 23–ാം തീയതി അർദ്ധരാത്രിക്കു് അല്പം മുമ്പ് ഈ പ്രദേശത്തുകൂടെ ഒരു ജീപ്പിലും ട്രക്കിലുമായി സഞ്ചരിച്ചിരുന്ന പതിമ്മൂന്നു പട്ടാളക്കാർ കൊല്ലപ്പെട്ടു. പട്ടാള ഉടുപ്പിട്ട ഏതാനും ചെറുപ്പക്കാരണത്രേ ബോംബെറിഞ്ഞു ജീപ്പു തകർത്തതും പിന്നാലെ വന്നിരുന്ന ട്രക്കിലെ പട്ടാളക്കാരെ കൈബോംബെറിഞ്ഞു വെടിവെച്ചു കൊന്നതും. രണ്ടു പട്ടാളക്കാർ മാരകമായ മുറിവുകളോടെ രക്ഷപ്പെട്ടു.

'വിടുതലൈപ്പുലികൾ' എന്ന പേരിൽ അറിയപ്പെടുന്ന ശ്രീലങ്കാ തമിഴ് ഭീകരപ്രവർത്തകരുടെ സംഘമാണ് ഈ കൂട്ടക്കൊലയുടെ പിന്നിലുണ്ടായിരുന്നതെന്നു കരുതപ്പെട്ടു. ശ്രീലങ്കയിൽ കൊളംബ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഭരണത്തിൽനിന്നു് അവിടത്തെ തമിഴ് ഭാഷാപ്രദേശങ്ങൾ സ്വാതന്ത്ര്യം നേടണമെന്നും, 'തമിഴ് ഈഴം' എന്ന പേരിൽ ഒരു സ്വതന്ത്രരാഷ്ട്രം ശ്രീലങ്കയിൽ സ്ഥാപിക്കണമെന്നും വാദിക്കുന്നവരും, ഭീകരപ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യം നേടുന്നതിനായി പ്രയത്നിക്കുന്നവരുമായ ഒരു കൂട്ടം യുവാക്കളത്രേ 'വിടുതലൈപ്പുലികൾ'. ഇവർ ക്യൂബയിലും മറ്റും ചെന്നു് ആയുധപരിശീലനം നേടുകയും വിദേശങ്ങളിൽനിന്നു ധാരാളം ആയുധങ്ങൾ വാങ്ങി സംഭരിക്കുകയുംചെയ്തിട്ടുണ്ടെന്നു കരുതപ്പെടുന്നു. ഇവരിൽപ്പെട്ട മുപ്പത്തേഴുപേരെ പല കുറ്റങ്ങൾ ചുമത്തി വിചാരണചെയ്തു് കൊളംബോനഗരത്തിലെ ജയിലിൽ അടച്ചിരുന്നു. വിടുതലൈപ്പുലികളുടെ നേതാവെന്നു കരുതപ്പെടുന്ന, ഇരുപത്തേഴു വയസ്സായ, തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടിരുന്ന, ശ്രീ കുട്ടിമണിയും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. വധശിക്ഷയ്ക്കെതിരെ കുട്ടിമണി അപ്പീൽ കൊടുത്തിരിക്കുകയായിരുന്നു; ജയിലിലിരിക്കേ കുട്ടിമണി 1977–ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ശ്രീലങ്കാപാർലമെൻറിലേക്കു തെരഞ്ഞെടുക്കപ്പെടുകയുംചെയ്തു. പക്ഷേ, പാർലമെൻറ് അംഗമെന്ന നിലയിൽ പ്രവർത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല.

ജൂലൈ 26–ാം തീയതി രാത്രി ജയിലിൽവച്ചു് കുട്ടിമണി അടക്കം മുപ്പത്തേഴു വിടുതലൈപ്പുലികൾ പൈശാചികമായി വധിക്കപ്പെട്ടു. അതേ ജയിലിലെ സിംഹളഭാഷ സംസാരിക്കുന്ന തടവുകാരാണ് ഇവരെ കൊന്നതെന്നു പറയപ്പെടുന്നു. ജയിൽ അധികൃതർക്കു നോക്കിനിൽക്കാനേ കഴിഞ്ഞുള്ളുവത്രേ.

ഇതിനുശേഷം കുറെ ദിവസങ്ങളോളം ശ്രീലങ്കയിലെ എല്ലാ പ്രദേശങ്ങളിലും നിയന്ത്രണംവിട്ട പട്ടാളക്കാരുടെയും റൗഡികളുടെയും അഴിഞ്ഞാട്ടമായിരുന്നു. കൊളംബോ നഗരമദ്ധ്യത്തിൽ ഉള്ള ഇന്ത്യൻ ഓവർ

സീസ് ബാങ്കെട്ടിടവും അതിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഹൈക്കമ്മീഷണറുടെ ഓഫീസും തകർക്കപ്പെട്ടു. നാട്ടനീളെ നടന്ന റൗഡികൾ വോട്ടർപ്പട്ടിക നോക്കി ഇന്ത്യക്കാരുടെ വീടുകൾ തിരഞ്ഞെടുത്തു കൊള്ളിവച്ചു. ആയിരത്തിലേറെ ഇന്ത്യക്കാർ മരിച്ചു. ലക്ഷത്തിലേറെ ഇന്ത്യക്കാർ നിരാധാരരായി. കോടിക്കണക്കിനു സ്വത്തു നശിച്ചു. ശ്രീലങ്കയിൽ ഒരു ഗവൺമെൻറുതന്നെ ഇല്ലെന്നു തോന്നിക്കുന്ന അരാജകത്വമായിരുന്നു എങ്ങും.

ശ്രീലങ്കയിലെ ഈ അക്രമങ്ങൾക്ക് ഇന്ത്യയിൽ, പ്രത്യേകിച്ചു തമിഴ്നാട്ടിൽ, സ്വാഭാവികമായും വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടായി. ആപത്തിൽപ്പെട്ട തമിഴരെ രക്ഷിക്കാൻ ശ്രീലങ്കയിലേക്ക് ഇന്ത്യ സ്വന്തം പട്ടാളത്തെ അയയ്ക്കണമെന്നു് ഡി. എം. കെ. തലവൻ ശ്രീ കരുണാനിധി ആവശ്യപ്പെട്ടു. തമിഴ്വർഗ്ഗഹത്യ നടത്തുന്ന ശ്രീലങ്കാ ഗവൺമെൻറിനെതിരെ ഇന്ത്യ ഐക്യരാഷ്ട്രസമിതിയിൽ പരാതി ഉന്നയിക്കണമെന്നായിരുന്നു തമിഴ്നാട് മുഖ്യമന്ത്രി ശ്രീ എം. ജി. രാമചന്ദ്രന്റെ ആവശ്യം. മററു് അന്താരാഷ്ട്രീയ സമ്മേളനങ്ങളിലും സംഘടനകളിലും ഇന്ത്യ, ശ്രീലങ്കയിലെ തമിഴ് പ്രശ്നം ചർച്ചാവിഷയമാക്കണമെന്ന ആവശ്യവും ഉയർന്നുവന്നു. തമിഴ്നാട് ഓഗസ്റ്റ് രണ്ടാം തീയതി പരിപൂർണ്ണ ബന്ദ് ആചരിച്ചു. തമിഴ്നാട് സർക്കാർ മാത്രമല്ല, കേന്ദ്രസർക്കാരും ഈ ബന്ദിൽ സഹകരിച്ചു.

ഇന്ത്യയിലെ ഈ പ്രക്ഷോഭങ്ങൾ ശ്രീലങ്കയിൽ ക്രോധപൂർണങ്ങളായ പ്രതികരണങ്ങൾ ഉണർത്തിവിട്ടു. ശ്രീലങ്കയിലെ കുഴപ്പങ്ങൾ ഒരു വിദേശശക്തിയുടെ (അതായതു്, ഇന്ത്യയുടെ) കൈകടത്തൽമൂലം ഉണ്ടായതാണെന്നു് അവിടത്തെ സർക്കാരിന്റെ ചുക്കാൻ പിടിക്കുന്നവർ പ്രഖ്യാപിച്ചു. ഈ വിദേശശക്തിക്കെതിരായി അമേരിക്ക, ബ്രിട്ടൻ, പാക്കിസ്ഥാൻ, ബംഗ്ളാദേശ് എന്നീ രാഷ്ട്രങ്ങളോടു് ശ്രീലങ്കാസർക്കാർ സഹായം ആവശ്യപ്പെട്ടുവെന്നു് ഒരു അമേരിക്കൻ വാർത്താ ഏജൻസി പ്രസ്താവിച്ചു. പിന്നീടു് സിലോൺ അധികൃതർ നിഷേധിച്ചുവെങ്കിലും, ഈ വാർത്തയിൽ സത്യമുണ്ടെന്നു് ഇന്ത്യയിലെ വിദേശകാര്യമന്ത്രി ശ്രീ നരസിംഹറാവു നമ്മുടെ പാർലമെൻറിൽ പറഞ്ഞു. ദീഗോഗാർഷ്യപോലെ, ശ്രീലങ്കയിലെ തിരുക്കോണാമലൈ(ട്രിൻ കോമാലി)യും ഇന്ത്യാസമുദ്രത്തിലെ ഒരു അമേരിക്കൻ സൈനികത്താവളമാകാൻ പോവുകയാണെന്നു തോന്നി!

ശ്രീലങ്കയും ഇന്ത്യയും തമ്മിലുള്ള തർക്കങ്ങൾക്കു സഹസ്രാബ്ദങ്ങളുടേതായ പശ്ചാത്തലമുണ്ടു്.

രാവണന്റെ ലങ്കയാണു് ഇന്നത്തെ ശ്രീലങ്കയെന്നു് ഇന്ത്യക്കാർ വിശ്വസിക്കുന്നുണ്ടെങ്കിലും, ശ്രീലങ്കക്കാർ അങ്ങനെ കരുതുന്നില്ല. ബുദ്ധമതക്കാർ പൊതുവേ രാമായണത്തിനു പ്രാമാണ്യം കല്പിക്കുന്നില്ല. ശ്രീലങ്കക്കാരിൽ ഭൂരിപക്ഷവും ബുദ്ധമതക്കാരാണുതാനും.

ഇന്ത്യയിലെയും ഓസ്ട്രേലിയയിലെയും ആദിവാസികളോടു സാമ്യമുള്ള വെഡർ മുതലായ ചില ആദിവാസികൾ ശ്രീലങ്കയിലുണ്ടു്. ഇവരുടെ സംഖ്യ വളരെ കുറവാണു്.

ക്രിസ്തുവർഷാരംഭത്തിനുമുമ്പു് ഉത്തരേന്ത്യയിൽനിന്നു് ശ്രീലങ്കയിലേക്കുള്ള കുടിയേററം ആരംഭിച്ചു. അശോകചക്രവർത്തി തന്റെ പുത്രനായ മഹേന്ദ്രനെയും പുത്രിയായ സംഘമിത്രയെയും ബുദ്ധമതം പ്രചരിപ്പിക്കാൻ ശ്രീലങ്കയിലേക്ക് അയയ്ക്കുകയുണ്ടായി. ബീഹാറിൽ പാട്നാനഗരത്തിനടുത്തു്, ഗംഗയുടെ തെക്കേ കരയിൽ ഇവർ കപ്പൽ കയറിയതെന്നു കരുതപ്പെടുന്ന 'മഹേന്ദ്രഘട്ടു്' എന്ന കടവു് ഇപ്പോഴും കാണാം. തുടർന്നു ബുദ്ധമതത്തിലെ 'ഹീനയാന' ശാഖ ശ്രീലങ്കയിൽ വേരൂന്നി.

പാലിഭാഷയിലുള്ള ബൗദ്ധഗ്രന്ഥങ്ങൾ (ത്രിപിടകങ്ങൾ) ഇന്ത്യയിൽ നഷ്ടപ്പെട്ടപ്പോഴും, ശ്രീലങ്കയിലെ വിഹാരങ്ങളിൽ സംരക്ഷിക്കപ്പെട്ടു. കാലക്രമേണ ഇന്ത്യയിൽനിന്ന് 'ഹീനയാനം' അപ്രത്യക്ഷമായി. അതിന്റെ സ്ഥാനം 'മഹായാനം' എന്ന ബൗദ്ധസമ്പ്രദായം കൈയേററു. ബൗദ്ധഗ്രന്ഥങ്ങൾ പാലിയിൽ അല്ലാതെ സംസ്കൃതത്തിൽ രചിക്കപ്പെട്ടു തുടങ്ങി. അപ്പോഴും പഴയ ഹീനയാനസമ്പ്രദായവും പാലിഗ്രന്ഥങ്ങളും ശ്രീലങ്കയിൽനിന്നും, ശ്രീലങ്കയിൽനിന്നു ഹീനയാനബൗദ്ധമതം ബർമയിലേക്കും വ്യാപിച്ചു.

ഉത്തരേന്ത്യയിൽനിന്ന് ബംഗാൾ ഉൾക്കടലിലൂടെ വന്നു കുടിയേറിപ്പാർത്തവരുടെ സന്താനപരമ്പരയാണ് ശ്രീലങ്കയിലെ ഭൂരിപക്ഷ ജനതയായ സിംഹളർ. ഇവരുടെ ഭാഷയായ സിംഹളം ഹിന്ദിയെയും ബംഗാളിയെയുംപോലെ ആര്യഭാഷാകുടുംബത്തിൽപ്പെട്ടതാണ്. സിംഹളലിപിക്കു് മലയാളലിപിയോടുള്ള സാമ്യം ശ്രദ്ധേയമാകുന്നു. കേരളത്തിലെ ഈഴവരിൽ ഒരു വിഭാഗമെങ്കിലും ശ്രീലങ്കയിൽനിന്ന് ഇവിടെ കുടിയേറിപ്പാർത്ത സിംഹളരുടെ സന്താനപരമ്പരകളായിരിക്കണം. പൊതുവേ സിംഹളരെ കണ്ടാൽ കേരളീയർ, പ്രത്യേകിച്ച് ഈഴവർ, ആണെന്നേ തോന്നൂ. പഴയ സിംഹളർ ബുദ്ധമതത്തോടൊപ്പം സംസ്കൃതഭാഷയെയും പുഷ്ടിപ്പെടുത്തി. കാളിദാസതുല്യനായി ഗണിക്കപ്പെടുന്ന കുമാരദാസൻ എന്ന സിംഹളകവിയുടെ 'ജാനകീഹരണം' സുപ്രസിദ്ധമായ ഒരു സംസ്കൃതകാവ്യമാണ്. കുമാരദാസന്റെ ക്ഷണമനുസരിച്ച് ശ്രീലങ്കയിൽ ചെന്നു പാർക്കുമ്പോഴാണ് കാളിദാസൻ അന്തരിച്ചതെന്ന് ഒരു വിശ്വാസമുണ്ട്. സംസ്കൃതത്തിലെ വ്യാകരണം, ഛന്ദശ്ശാസ്ത്രം എന്നിവയ്ക്കു പ്രാചീനസിംഹളർ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആയുർവേദം കേരളത്തിലെന്നപോലെ ശ്രീലങ്കയിലും തഴച്ചു വളരുകയുണ്ടായി.

ക്രിസ്ത്വവർഷാരംഭത്തിൽത്തന്നെ തമിഴരും ശ്രീലങ്കയിൽ—അവർ അതിനെ 'ഈഴം' എന്നു വിളിച്ചുവന്നു—കുടിയേറിപ്പാർത്തുതുടങ്ങി. ചോളന്മാരുടെയും പാണ്ഡ്യന്മാരുടെയും കടൽപ്പടകൾ തമിഴരുടെ കുടിയേററത്തെ സഹായിച്ചു. ക്രമത്തിൽ ശ്രീലങ്കയുടെ വടക്കും കിഴക്കും ഭാഗങ്ങളിൽ തമിഴർക്കായിത്തീർന്നു ഭൂരിപക്ഷം. ബ്രിട്ടീഷുകാർ സിലോണിന്റെ ഭരണം ഏറെറടുക്കുന്നകാലത്ത് യാഴ്പ്പാണത്ത് ഒരു തമിഴ് രാജവംശം നിലനിന്നിരുന്നു.

'തമിഴ് ഈഴ'ത്തിനു ഭാവിയിലെ സ്വപ്നങ്ങളിൽ മാത്രമല്ല, ഭൂതകാലത്തിലെ സ്മരണകളിലും വേരുകൾ ഉണ്ട്.

ബ്രിട്ടീഷ് വാഴ്ചക്കാലത്ത് സിലോൺ തേയിലക്കൃഷിയുടെ ഒരു കേന്ദ്രമായി. തേയിലത്തോട്ടങ്ങളിൽ മല്ലുവേല ചെയ്യാൻ സിംഹളരും ശ്രീലങ്കയിലെ തമിഴരും തയ്യാറല്ലായിരുന്നു. അതിനാൽ തമിഴ്നാട്ടിൽനിന്നു വലിയതോതിൽ വേലക്കാരെ അങ്ങോട്ടു കൊണ്ടുപോയി. ബ്രിട്ടീഷ് ആധിപത്യം നീങ്ങി സിലോൺ 'ശ്രീലങ്ക'യായപ്പോൾ ഈ തമിഴ്തൊഴിലാളികളുടെ പൗരത്വം ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കുമിടയിൽ ഏററവും വലിയ ഒരു പ്രശ്നമായിത്തീർന്നു. ഈ പ്രശ്നം ഇനിയും തൃപ്തികരമായി പരിഹരിക്കപ്പെട്ടിട്ടില്ല.

ബ്രിട്ടീഷ് വാഴ്ചക്കാലത്തു സിലോണിൽ തമിഴർ വളരെയധികം പുരോഗതി നേടി. സർക്കാർ സേവനങ്ങളിൽ അവർക്കായിരുന്നു ഭൂരിപക്ഷം. ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ മുന്നണിയിലായിരുന്നതിനാൽ അദ്ധ്യാപകർ, ഡോക്ടറന്മാർ, വക്കീലന്മാർ മുതലായ വെള്ളക്കോളർ തൊഴിൽക്കാർ ആയി തമിഴർ വളരെ ശോഭിച്ചു. വ്യവസായം, വാണിജ്യം എന്നീ തുറകളിലും അവർ മുൻപന്തിയിലായി.

1948–ൽ സിലോൺ സ്വാതന്ത്ര്യം നേടി. പിന്നീടുള്ള മൂന്നര ശതാബ്ദങ്ങളിൽ ശ്രീലങ്കയിലെ തമിഴരുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പദവി നിരന്തരമായി അധഃപതിച്ചുവരികയാണ്. 1956–ൽ അന്ന് അധികാരത്തിലിരുന്ന യു. എൻ. പി. പാർട്ടിയുടെ നേതാവു് സോളമൻ ബണ്ഡാരനായകേ, ശ്രീലങ്കയിലെ ഏക ഭരണഭാഷ സിംഹളം ആയിരിക്കുമെന്നു പ്രഖ്യാപിച്ചു. സ്വഭാഷാഭിമാനികളായ തമിഴർ ഈ പ്രഖ്യാപനത്തെ നഖശിഖാന്തം എതിർത്തു. സിംഹളത്തോടൊപ്പം തമിഴും ശ്രീലങ്കയിലെ ഭരണഭാഷയായി അംഗീകരിക്കപ്പെടണമെന്നതാണ് അവരുടെ ആവശ്യം. ഈ ആവശ്യം അതേപടി സ്വീകരിച്ചില്ലെങ്കിലും, തമിഴ് ഭൂരിപക്ഷപ്രദേശങ്ങളിൽ ഭരണത്തിന്റെ ഉചിത തലങ്ങളിൽ തമിഴ് ഉപയോഗിക്കാൻ യു. എൻ. പി. ഗവണ്മെൻറ് വ്യവസ്ഥചെയ്തു; സർവകലാശാലാ തലത്തിൽ തമിഴിലൂടെ വിദ്യാഭ്യാസം നൽകാൻ ഏർപ്പാടുകളുണ്ടാക്കി.

ഈ ഔദാര്യം, പക്ഷേ, ശരിയായ സ്പിരിററിൽ അധികകാലം തുടന്നില്ല. ഭൂരിപക്ഷ ഭാഷയായ സിംഹളം ഭരണഭാഷയായി നടപ്പിൽ വരുത്തുന്നതിനു് ആത്മാർത്ഥ സഹകരണം തമിഴർ നൽകുകയുണ്ടായില്ല. ഭരണം ഇംഗ്ലീഷിലൂടെ നടത്തുന്നതാണ് ഉദ്യോഗങ്ങളിൽ തങ്ങളുടെ മേൽക്കോയ്മ നിലനിർത്തുവാൻ സഹായിക്കുക എന്ന് അവർ കരുതി. അതേസമയം, സിംഹളർ തങ്ങളുടെ മാതൃഭാഷയ്ക്കു് എല്ലാ പ്രോത്സാഹനവും നൽകി. 1972–ലെയും 1978–ലെയും ഭരണഘടനകളിൽ സിംഹളഭാഷയുടെ പ്രാമാണ്യം അവർ ആവർത്തിച്ചുറപ്പിച്ചു.

ശ്രീലങ്കയിലെ ഒന്നരക്കോടി ജനങ്ങളിൽ ഏതാണ്ടു പന്ത്രണ്ടര ശതമാനമാണ് അവിടെ പൗരത്വമുള്ള തമിഴർ. തോട്ടം ജോലിക്കാരായി 19–ാം നൂററാണ്ടിൽ വന്നു്, അവിടെ പൗരത്വം നേടാതെ പാർക്കുന്ന തമിഴർ ജനസംഖ്യയുടെ ഏതാണ്ടു് അഞ്ചര ശതമാനത്തോളംവരും. 1956–ൽ ശ്രീലങ്കയിലെ ഉയർന്ന ഉദ്യോഗങ്ങളിൽ മുപ്പതു ശതമാനത്തോളം തമിഴർ ആയിരുന്നു. 1970–ൽ ഇവരുടെ ശതമാനം അഞ്ചായി കുറഞ്ഞു. ഇതേ കാലയളവിൽ തമിഴ് ക്ലാർക്കുമാരുടെ ശതമാനം 50–ൽ നിന്നു് 5 ആയും, അദ്ധ്യാപകർ മുതലായവരിൽ തമിഴരുടെ ശതമാനം 60–ൽ നിന്നു് 10 ആയും, പട്ടാളത്തിൽ തമിഴരുടെ ശതമാനം 40–ൽ നിന്നു് ഒന്നായും കുറഞ്ഞു. ശ്രീലങ്കാ പോലീസിലും തമിഴർ പേരിനു മാത്രമേയുള്ളു. സർക്കാർ ഉദ്യോഗസ്ഥന്മാർ സിംഹളഭാഷ നിർബന്ധമായും പഠിച്ചേ ഒക്കൂ എന്നുവന്നപ്പോൾ, അതു പഠിക്കാൻ തയ്യാറല്ലാത്ത തമിഴർക്കു് ഉദ്യോഗങ്ങൾ അലഭ്യങ്ങളായതിൽ അത്ഭുതമൊന്നുമില്ല.

ഇന്ത്യയിൽ പിൻനിലസമുദായങ്ങൾക്കു നൽകിപ്പോരുന്ന പല ആനുകൂല്യങ്ങളും ശ്രീലങ്കയിൽ സിംഹളർക്കു് ഇപ്പോൾ ലഭിക്കുന്നുണ്ടു്. മെഡിക്കൽകോളേജിൽ ചേരാൻ ഒരു തമിഴ് വിദ്യാർത്ഥിക്കു് 250 മാർക്കു വേണ്ടപ്പോൾ, ഒരു സിംഹളവിദ്യാർത്ഥിക്കു 229 മാർക്കു് മതിയാവും. ഇത്തരം വിവേചനം വിദ്യാഭ്യാസത്തിന്റെ മററു മേഖലകളിലും ഉണ്ടു്. ഇതിൻഫലമായി, 1970–നും 1975–നും ഇടയ്ക്കു് ശ്രീലങ്കയിൽ തമിഴ് എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ ശതമാനം 40.8–ൽ നിന്നു് 13.2 ആയും മെഡിക്കൽവിദ്യാർത്ഥികളുടെ ശതമാനം 37–ൽ നിന്നു് 20 ആയും കുറഞ്ഞു.

തമിഴ് ഭൂരിപക്ഷ പ്രദേശങ്ങളിൽ സിംഹളരെ സംഘം സംഘമായി കുടിയിരുത്തുവാനുള്ള ഒരാസൂത്രിത പ്രയത്നവും ശ്രീലങ്കയിൽ നടന്നുവന്നതായി കാണുന്നുണ്ടു്. 1953 മുതൽ 1971 വരെയുള്ള കാലഘട്ടത്തിൽ യാഴ്പ്പാണത്തു് തമിഴരുടെ ജനസംഖ്യ കഷ്ടിച്ചു് ഇരട്ടിച്ചപ്പോൾ, സിംഹളരുടെ ജനസംഖ്യ മൂന്നിരട്ടിയിൽ ഏറെയായി വദ്ധിച്ചു. മററു തമിഴ്

ഭൂരിപക്ഷ പ്രദേശങ്ങളിലും സിംഹളരുടെ ജനസംഖ്യ ഈ തോതിലോ, ഇതിലും അധികമായോ വർദ്ധിച്ചിട്ടുണ്ടത്രേ.

യാഴ്പ്പാണത്തെ തമിഴ്കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന മുളക്, ഉള്ളി മുതലായവ ശ്രീലങ്കസർക്കാർ അന്യരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്ത ചുരുങ്ങിയ വിലയ്ക്കു വില്ക്കുന്നതുമൂലം തമിഴ് കൃഷിക്കാർ കഷ്ടത്തിലാവുന്നു എന്ന ആക്ഷേപവും കേട്ടിരുന്നു.

1977—ലെ തെരഞ്ഞെടുപ്പിൽ, 168 മെംബർമാരുള്ള ശ്രീലങ്ക പാർലമെൻറിലേക്ക് തമിഴ് ഭൂരിപക്ഷ പ്രദേശങ്ങളിൽനിന്നുള്ള പതിനാറു സ്ഥാനങ്ങളും 'തമിഴ് യുണൈറ്റഡ് ലിബറേഷൻ പാർട്ടി'ക്കു കിട്ടി. ശ്രീലങ്കയിൽനിന്നു വിട്ടു സ്വതന്ത്രമായ 'തമിഴ് ഈഴം' എന്ന സ്റ്റേററ് സ്ഥാപിക്കുമെന്ന വാഗ്ദാനത്തോടെയാണ് ഈ പാർട്ടി തെരഞ്ഞെടുപ്പിനു നിന്നതും ജയിച്ചതും. ഈ ലക്ഷ്യം സമാധാനപരമായ പാർലമെൻററി പ്രവർത്തനങ്ങളിലൂടെ നേടാനാവില്ലെന്നു ബോദ്ധ്യമായപ്പോഴാണ് അക്ഷമരായ 'വിടുതലൈപ്പുലി'കൾ രംഗപ്രവേശംചെയ്തത്. 'തമിഴ് ഈഴ'മെന്ന ലക്ഷ്യം പാർലമെൻറിലൂടെ നേടാൻ കഴിയാത്തതിനാൽ തമിഴ് യുണൈറ്റഡ് ലിബറേഷൻ പാർട്ടിയിലെ എല്ലാ പാർലമെൻറംഗങ്ങളും അംഗസ്ഥാനം രാജിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതേസമയം ശ്രീലങ്കയിലെ ഏതെങ്കിലും ഭാഗം വേർപെടുത്തി ഒരു സ്വതന്ത്രരാഷ്ട്രമാക്കണമെന്നു വാദിക്കുന്ന രാഷ്ട്രീയകക്ഷികളെ നിരോധിക്കുന്ന ഒരു ബില്ല് ശ്രീലങ്ക പാർലമെൻറിൽ ഗവണ്മെൻറ് അവതരിപ്പിച്ചിട്ടുമുണ്ട്. ശ്രീലങ്കയിലെ പല കമ്യൂണിസ്റ്റ്പാർട്ടികളെയും ഇതിനകം നിയമവിരുദ്ധമാക്കിയിരിക്കുന്നു. കുറെ മുമ്പു പാസ്സാക്കിയ പബ്ലിക് സെക്യൂരിററി ഓർഡിനൻസ് പ്രകാരം, പട്ടാളക്കാർ വെടിവച്ചു കൊല്ലുന്ന പ്രക്ഷോഭകരുടെ ശവം ഒരു വിചാരണയും കൂടാതെ മറവുചെയ്യാനുള്ള അധികാരം പട്ടാളക്കാർക്കുതന്നെ നൽകിയിരിക്കുന്നു.

ചുരുക്കത്തിൽ, ജനാധിപത്യാവകാശങ്ങൾ ന്യൂനപക്ഷത്തിനു തികച്ചും നിഷേധിക്കപ്പെടുന്ന ഒരു യുഗമാണ് ശ്രീലങ്കയിൽ പുലർന്നിരിക്കുന്നത്. ഈ പരിതഃസ്ഥിതിയിൽ ഇന്ത്യയ്ക്ക് എന്തു ചെയ്യാൻ കഴിയും?

'തമിഴ് ഈഴ' പ്രക്ഷോഭണം ശ്രീലങ്കയുടെ ഒരു ആഭ്യന്തര പ്രശ്നമാകുന്നു. അതിൽ ഇന്ത്യയ്ക്കു കൈകടത്താനാവില്ല. ഇന്ത്യൻ പട്ടാളത്തെ ശ്രീലങ്കയിലേക്ക് അയയ്ക്കുന്നത് അചിന്ത്യംതന്നെയാണ്. ശ്രീലങ്കയുടെ ഈ ആഭ്യന്തരപ്രശ്നത്തെ അന്താരാഷ്ട്രവല്ക്കരിക്കാമെന്നുവച്ചാൽ, ഇന്ത്യയുടെ ഖാലിസ്ഥാൻ പ്രശ്നം, നാഗാലാൻഡ് പ്രശ്നം, ഹിന്ദു—മുസ്ലിം പ്രശ്നം—അങ്ങനെ അനവധി സമാധാനപ്രശ്നങ്ങൾ അന്താരാഷ്ട്രവല്ക്കരിക്കാൻ ധാരാളം ആളുകൾ ഉണ്ടാകും. ഇതു് ഇന്ത്യയ്ക്ക് ഒരിക്കലും ഗുണകരമാവില്ല.

രാഷ്ട്രതന്ത്രത്തിൽ, ഒരു രാജ്യത്തിൻെറ സ്വാഭാവികശത്രുവാണ് അതിൻെറ അയൽരാജ്യം. ഇന്ത്യയുടെ വലിപ്പവും ശക്തിയും, ചുററുമുള്ള ചെറിയ അയൽരാജ്യങ്ങളിൽ ഭീതിയും അസൂയയും വിദ്വേഷവും ഉണ്ടാക്കിയില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളു. ബ്രിട്ടീഷ് വാഴ്ചയുടെ പൈതൃകം അവസാനിക്കാത്ത അനവധി പ്രശ്നങ്ങൾ ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കുമിടയിൽ നിലവിൽ വരുത്തിയിട്ടുമുണ്ട്. സാവധാനത്തിലും സഹിഷ്ണുതയോടെയും ഈ പ്രശ്നങ്ങൾ നാം കൂടിയാലോചനവഴി പരിഹരിച്ചേ തീരൂ. അങ്ങേ അററത്തെ ഔദാര്യവും ക്ഷമയും ഇന്ത്യയുടെ ഭാഗത്തു് ഉണ്ടാവണം. ശ്രീലങ്കയിലെ കലാപങ്ങൾമൂലം കഷ്ടമനുഭവിക്കുന്നവരോടു നമുക്കു തികഞ്ഞ അനുഭാവമുണ്ട്. അവരുടെ സങ്കടപരിഹാരത്തിനു കഴിവിൽ കവിഞ്ഞ സഹായങ്ങളും ഇന്ത്യ നൽകണം. പട്ടിണികിടക്കുന്നവർക്കു ഭക്ഷണം, തൊഴിലും മുതലും നഷ്ടപ്പെട്ടവർക്കു സാമ്പ

ത്തികസഹായം, അവശർക്ക് ആശ്വാസം, അഭയാർത്ഥികൾക്ക് ശരണം—എല്ലാം ഇന്ത്യയിൽനിന്നു ലഭിക്കണം. അതേസമയം ശ്രീലങ്കയിലെ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട സർക്കാരുമായി ഒരേററുമുട്ടലിന് ഇന്ത്യ വഴിവക്കുകയുമരുത്. സുഹൃത്തെന്ന നിലയിൽ ശ്രീലങ്കയിലെ സക്കാരിനെ ഉപദേശിക്കാം; അദൃശ്യമായ രീതിയിൽ സ്വാധീനം ചെലുത്താം; പക്ഷേ, ഭീഷണിയോ, ബലാല്ക്കാരമോ ഇന്ത്യയുടെ ഭാഗത്തുനിന്ന് ശ്രീലങ്കാസർക്കാരിനെതിരെ ഒരിക്കലും ഉണ്ടായിക്കൂടാ. 'വലിയേട്ടൻ മനോഭാവ'ത്തിൻെറ ലാഞ്ഛനപോലും നമ്മുടെ പെരുമാററത്തിൽ കാണരുത്.

ഇന്ദിരാഗാന്ധി ഈ പ്രശ്നത്തിൽ തികച്ചും വിവേകപൂർണമായ ഒരു നയമാണു പിന്തുടരുന്നത്. കേന്ദ്ര ഗവണ്മെൻറിൻെറ ഈ നയത്തിനു ശക്തവും ക്രിയാത്മകവുമായ പിന്തുണ നൽകുകയാണ് ഓരോ ഇന്ത്യൻ പൗരൻെറയും കർത്തവ്യം.

കേന്ദ്ര ഗവണ്മെൻറിനെ കൂടുതൽ ക്രിയോന്മുഖമാക്കുന്നതിനുവേണ്ടി തീവണ്ടിഗതാഗതം തടസ്സപ്പെടുത്താൻ ശ്രീ കരുണാനിധി തമിഴരോട് ഒരു പൊതുയോഗത്തിൽ ഉപദേശിച്ചതായി കണ്ടു. അദ്ദേഹത്തെപ്പോലുള്ള ഒരു മുതിർന്ന രാഷ്ട്രീയപ്രവർത്തകൻെറ ക്ഷോഭം നമുക്കു മനസ്സിലാക്കാം; പക്ഷേ, ആ വിവേകരാഹിത്യം മനസ്സിലാക്കുക പ്രയാസം.

(4 ഓഗസ്റ്റ്, 1983)

# 18. നാലു ചൈനകൾ

ഒന്നാമത്തെ ചൈന ഏതെന്നതിൽ ആർക്കും സംശയമുണ്ടാവില്ല: സാക്ഷാൽ 'പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന' തന്നെ. കമ്യൂണിസ്റ്റ് രാഷ്ട്രമെങ്കിലും സോവ്യററ് യൂണിയൻെറ ബദ്ധശത്രു; അമേരിക്കയുടെ ഉററമിത്രം. അമേരിക്കയുമായുള്ള സൗഹാർദബന്ധം നിലനിർത്തിക്കൊണ്ടുതന്നെ സോവ്യററ് യൂണിയനുമായുള്ള ശത്രുതയിൽ അയവുവരുത്താൻ ചൈന യത്നിച്ചുകൊണ്ടിരിക്കയാണ്. എങ്കിലും, സോവ്യററ് റഷ്യ വിയററ്നാമിനെ സഹായിക്കുന്നതു നിർത്തലാക്കുകയും, അഫ്ഘാനിസ്ഥാനിൽനിന്നു സൈന്യങ്ങളെ പിൻവലിക്കുകയുംചെയ്യുന്നതുവരെ സോവ്യററ് റഷ്യയുമായുള്ള തങ്ങളുടെ ബന്ധം സാധാരണനിലയിൽ ആവുക പ്രയാസമെന്നത്രേ ഇപ്പോഴും ചൈനയുടെ നില. ഇന്ത്യയുമായുള്ള അതിർത്തിത്തർക്കം തീർക്കുന്നതിലും വലിയ ആകാംക്ഷയൊന്നും ചൈനക്ക് ഇനിയും ഉണ്ടായിട്ടില്ല. ഇന്ത്യക്കെതിരെ പാക്കിസ്ഥാനു നൽകിവരുന്ന പിന്തുണ ചൈന പിൻവലിച്ചിട്ടുമില്ല.

മുമ്പ് ഫോർമോസ എന്ന് അറിയപ്പെട്ടിരുന്ന തൈവാൻ ആണ് രണ്ടാമത്തെ ചൈന. പതിനാലായിരം ച. മൈലോളം വിസ്താരമുള്ള ഈ ദ്വീപും ചുററുമുള്ള തുരുത്തുകളും 1895-ൽ ചൈനയുടെ കൈയിൽനിന്ന് ജപ്പാൻ പിടിച്ചടക്കിയതായിരുന്നു. രണ്ടാം മഹായുദ്ധം കഴിഞ്ഞപ്പോൾ, 1945 സെപ്റ്റംബറിൽ ഈ പ്രദേശം ദേശീയചൈനയുടെ നേതാവായിരുന്ന ചിയാംഗ് കൈഷേക്കിനു കീഴടങ്ങി. വിപ്ളവത്തിനു ശേഷം ചൈനയിൽനിന്നു ബഹിഷ്കരിക്കപ്പെട്ട ചിയാങ്ങും കൂട്ടരും തൈവാനിൽ താവളം ഉറപ്പിച്ചു. ചിയാംഗ് കൈഷേക്കിൻെറ മരണാനന്തരം അദ്ദേഹത്തിൻെറ പുത്രൻ ചിയാംഗ് ചിംഗ്കോ, 1978-ൽ, തൈവാൻെറ പ്രസിഡണ്ട് ആയി. അമേരിക്ക നൽകിയ ആയുധസഹാ